## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4944** — **27.10.2016** ൽ മറുപടിക്ക്

### <u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കോട്ടക്കൽ നിയോജക മണ്ഡലത്തിൽ നിന്ന് 1705 അപേക്ഷകൾ ലഭിച്ചിരുന്നു. തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 250 പേർക്ക് പദ്ധതി പ്രകാരം ഭൂമി അനുവദിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തവരുടെയും വീട് ഇല്ലാത്തവരുടെയും വിവരം ലഭ്യമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) സംസ്ഥാനത്തെ ഭൂമിയില്ലാത്തവരുടേയും വീടില്ലാത്തവരുടെയും എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി 2,43,928 ഭൂരഹിത കുടുംബങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 35851 |
| കൊല്ലം | 28591 |
| പത്തനംതിട്ട | 6807 |
| ആലപ്പുഴ | 14163 |
| കോട്ടയം | 10388 |
| ഇടുക്കി | 7970 |
| എറണാകുളം | 31379 |
| തൃശ്ശൂർ | 26776 |
| പാലക്കാട് | 23874 |
| മലപ്പുറം | 23962 |
| കോഴിക്കോട് | 8304 |
| വയനാട് | 4546 |

| | | |
|---|---|---|
| | | കണ്ണൂർ 11099<br>കാസർഗോഡ് 10218<br>**ആകെ** **2,43,928** |
| (സി) | സംസ്ഥാനത്ത് ഭവന രഹിതർക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിശദമായ വിവരം ലഭ്യമാക്കുമോ; ഇതിൽ സർക്കാരിന്റെ പുതിയ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കുമോ? | (സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളായ സാഫല്യം, ഗൃഹശ്രീ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>സാഫല്യം ഭവന പദ്ധതി</u>**<br>ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/ കാരുണ്യ വാൻമാരായ വ്യക്തികളുടെയും സഹകരണത്തോടെ ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവനപദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>**<u>ഗൃഹശ്രീ ഭവന പദ്ധതി</u>**<br>സ്വന്തമായി 2സെന്റ്/3സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബലവിഭാഗം/താഴ്ന്നവരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന /NGO/കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി.<br>സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി സർക്കാർ നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**<u>എല്ലാവർക്കും വീട് പദ്ധതി-</u>** സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിന് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെയുള്ള പാർപ്പിട പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിൽ പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തി കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന |

| | | |
|---|---|---|
| | | പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>**<u>സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി</u>**<br>കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണം, ധനകാര്യം, ഭവന നിർമ്മാണം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ വികസനം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ